(ഇ) ഈ സ്റ്റേറ്റുമെന്റിൽ കേരള സർവകലാശാലയിൽ നിന്ന് യോഗ്യത നേടിയ എത്ര പേരുണ്ട്;

(എഫ്) കേരളത്തിലുള്ള മറ്റ് സർവകലാശാലകളിൽ നിന്നും ക്ലാസും റാങ്കും നേടി പാസ്സായവർ എത്ര പേരുണ്ട്?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ പി.എസ്.സി. ലിസ്റ്റ്

26 [1602] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാരിന്റെ വിവിധ വകുപ്പുകളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം തസ്തികകളിലേക്കുള്ള പി.എസ്.സി. ലിസ്റ്റുകളാണ് നിലവിലുള്ളതെന്നും അവ ഓരോന്നിലും എത്ര ഉദ്യോഗാർത്ഥികൾ വീതമാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) കഴിഞ്ഞ 3 വർഷത്തിനകം നിയമനം നടത്താതെ ഏതെല്ലാം പി.എസ്.സി. ലിസ്റ്റുകൾ കാലഹരണപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഓരോന്നിന്റെയും കാലാവധി എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

താൽക്കാലിക ജീവനക്കാരെ മാറ്റി പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി

27 [1603] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഒഴിവുകൾ ഉള്ള തസ്തികകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലിക ജീവനക്കാരെയും കരാറുകാരെയും വച്ച് പണിയെടുപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടെസ്റ്റ് എഴുതി വിജയിച്ച് ഇന്റർവ്യൂവും കഴിഞ്ഞ് റാങ്ക് ലിസ്റ്റിൽ കടന്നുകൂടിയവരെ സംരക്ഷിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(സി) പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയതിനുശേഷവും മാസങ്ങളോളം കഴിഞ്ഞിട്ടും ഇവരെ നിയമിക്കാത്ത ഡിപ്പാർട്ടുമെന്റ് തലവൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly